Office of the Chief Engineer
14-8-19
LSGD, Thiruvananthapuram

CE
DCE
AO
AA

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - ശ്രീ. കെ.എസ്.ശശികുമാറിന്റെ സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തികയിലെ പ്രൊബേഷൻ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ) വകുപ്പ്**

G.O.(Rt)No.1700/2019/LSGD തീയതി,തിരുവനന്തപുരം, 07/08/2019

പരാമർശം:- 1 സ.ഉ(സാധാ)നം.2909/2015/തസ്വഭവ തീയതി 23.09.2015.

2 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 14.02.2017, 17.08.2017 എന്നീ തീയതികളിലെ ഇ1/11015/2016/സി.ഇ/തസ്വഭവ നമ്പർ കത്തുകൾ.

**ഉത്തരവ്**

ശ്രീ. കെ.എസ്.ശശികുമാർ പരാമർശം(1) ഉത്തരവ് പ്രകാരം സൂപ്രണ്ടിംഗ് എഞ്ചിനീയറായി താൽക്കാലിക സ്ഥാനക്കയറ്റം ലഭിക്കുകയും ടിയാൻ 25.09.2015 അപരാഹ്നത്തിൽ ടി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയുമുണ്ടായി. ടിയാന്റെ സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തികയിലെ പ്രൊബേഷൻ തൃപ്തികരമായി പൂർത്തീകരിക്കുന്നതിനായി തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (2) കത്ത് പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചു.

ടിയാൻ പ്രൊബേഷൻ കാലയളവിൽ പ്രൊബേഷനെ ബാധിക്കുന്ന അവധികളൊന്നും വിനിയോഗിച്ചിട്ടില്ല എന്ന് അക്കൗണ്ടന്റ് ജനറൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ടിയാന്റെ ജോലിയും സ്വഭാവവും തൃപ്തികരമാണെന്ന് ചീഫ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 12.10.2017 ന് ചേർന്ന ഡി.പി.സി (ഹയർ) സൂപ്രണ്ടിംഗ് എഞ്ചിനീയർ പ്രൊമോഷനുള്ള 2015 സെലക്ട് ലിസ്റ്റിലെ ടിയാന്റെ താൽക്കാലിക ഉൾപ്പെടുത്തൽ പരിപൂർണ്ണമാക്കുകയുണ്ടായി.

മേൽ സാഹചര്യത്തിൽ, ശ്രീ. കെ.എസ്.ശശികുമാറിന്റെ സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തികയിലെ പ്രൊബേഷൻ കെ.എസ്.&എസ്.എസ്.ആർ ഭാഗം I I ചട്ടം 20(ബി) പ്രകാരം 26.03.2016 പൂർവ്വാഹ്നത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

GOPAKUMAR U

UNDER SECRETARY

1 ശ്രീ. കെ.എസ്.ശശികുമാർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ (റിട്ട) (*തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന*)

2 ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

3 അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ

4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

5. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

'ഭരണഭാഷ- മാതൃഭാഷ'

CE
CCE
AS
AA
JS

4.9.19

LSGD, Thiruvananthapuram

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ്- കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡ്- ഡയറക്ടർ ബോർഡ് പുനഃസംഘടിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.1905/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 03/09/2019

---

പരാമർശം:- 1 06.07.2018 തീയതിയിലെ സ.ഉ.(സാധാ)നം.1854/2018/തസ്വഭ

2 17.07.2018 തീയതിയിലെ സ.ഉ.(സാധാ)നം.1951/2018/തസ്വഭവ

3 17.05.2018 തീയതിയിലെ സ.ഉ.(സാധാ)നം.1370/2018/തസ്വഭവ

4 01.08.2019 തീയതിയിലെ കെ.യു.ആർ.ഡി.എഫ്.സി. മാനേജിംഗ് ഡയറക്ടറുടെ കെ.യു.ആർ.ഡി.എഫ്.സി./എ2/ബി.ഡി/268/99(2) നം. കത്ത്.

13953
19/9/19

## ഉത്തരവ്

കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് പുന.സംഘടിപ്പിച്ച് ഉത്തരവാകുന്നതിനായി പരാമർശം (4) പ്രകാരം മാനേജിംഗ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ച് താഴെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് പുനഃസംഘടിപ്പിച്ച് ഉത്തരവാകുന്നു.

1. ശ്രീമതി ആർ.ഗിരിജ ഐ.എ.എസ്., നഗരകാര്യ ഡയറക്ടർ
2. ശ്രീ. രാജൻ എം.വി, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ
3. ശ്രീമതി.കെ.എസ്.ഗിരിജ, ചീഫ് ടൗൺ പ്ലാനർ
4. ശ്രീമതി. മിനിമോൾ ഡി., ജോയിന്റ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**നന്ദന ആർ പി**
**അണ്ടർ സെക്രട്ടറി**

മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി, തിരുവനന്തപുരം

ശ്രീമതി ആർ.ഗിരിജ ഐ.എ.എസ്., നഗരകാര്യ ഡയറക്ടർ

ശ്രീ. രാജൻ എം.വി, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ

ശ്രീമതി.കെ.എസ്.ഗിരിജ, ചീഫ് ടൗൺ പ്ലാനർ

ശ്രീമതി. മിനിമോൾ ഡി., ജോയിന്റ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ